(സി) നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട അപ്പോർഷൻമെന്റ് പ്രവൃത്തികൾ നിർത്തിവെച്ച സാഹചര്യത്തിൽ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിനു മാറ്റിവച്ച സ്ഥലത്തുനിന്നും എൻ.എച്ച് വികസനത്തിന് വേണ്ട ഭൂമി എത്രയാണെന്ന് ഇപ്പോൾ കൃത്യമായി അറിയാൻ കഴിയില്ല.

(ഡി & ഇ) പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

ഭൂമികേരളം പദ്ധതി

161(3083) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികേരളം പദ്ധതിപ്രകാരം നിർദ്ധന കുടുംബങ്ങൾക്ക് ഭൂമി നൽകിയപ്പോൾ കൊല്ലം താലൂക്കിൽ എത്ര പേർക്ക് പട്ടയം നൽകിയിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഗുണഭോക്താക്കളിൽ കേസിൽ ഉൾപ്പെട്ടതും, വ്യക്തമായ അതിർവരമ്പുകൾ നിശ്ചയിച്ച് നൽകുവാൻ കഴിയാത്തതുമായ ഭൂമിക്ക് പട്ടയങ്ങൾ നൽകിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം എത്ര ഗുണഭോക്താക്കൾക്ക് കൊല്ലം താലൂക്കിൽ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് എത്രയും പെട്ടെന്ന് പകരം ഭൂമി നൽകുകയോ, പ്രശ്നപരിഹാരം ഉണ്ടാക്കുകയോ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലം താലൂക്കിൽ 36 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

കപ്പലണ്ടിമുക്ക് കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

162(3084) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം മുനിസിപ്പാലിറ്റിയിൽ സ്വീവേജിംഗ് തൊഴിലിനായി കൊണ്ടുവന്നവരും അവരുടെ കുടുംബങ്ങളും പതിറ്റാണ്ടുകളായി കപ്പലണ്ടിമുക്ക് കോളനിയിൽ താമസിക്കുന്നവരാണ്. എന്നാൽ, ഇവർക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly